"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് -തൃശ്ശൂർ ജില്ല - എളവള്ളി ഗ്രാമപഞ്ചായത്ത് - 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8 ൽ തടസ്സപ്പെടുത്തിയ തുകയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

സ.ഉ.(സാധാ) നം.3169/2022/LSGD തീയതി,തിരുവനന്തപുരം, 22-12-2022

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 17.12.19, 9.11.22 തീയതികളിലെ പാൻ/15407/2019-എം3(ഡിപി) നമ്പർ കത്തുകൾ.
   കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 22.07.2022 ലെ
2. ഡി.കെ.എസ്.എ.2279/പി.റ്റി2/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

എളവള്ളി ഗ്രാമപഞ്ചായത്ത് 2015-16 വർഷത്തിൽ നടപ്പിലാക്കിയ "വിദ്യാഭ്യാസ സ്കോളർഷിപ്പ്" എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ 4,7 ക്ലാസുകളിൽ ഏറ്റവും ഉയർന്ന മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്കും, പത്താംക്ലാസിൽ മുഴുവൻ എ-പ്ലസ് ലഭിച്ചവർക്കും സ്കോളർഷിപ്പ് ആയി 25000/- രൂപ നൽകിയത്, പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്)362/13 തീയതി 16.11.13 പ്രകാരം അനുവദനീയമല്ലയെന്ന കാരണത്താൽ ഈ പ്രോജക്ടിനു വേണ്ടി ചെലവഴിച്ച 25000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനും പരാമർശിച്ചിട്ടുണ്ട്.

2. തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിലെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2015-16 വർഷത്തെ ഖണ്ഡിക 3-8 പ്രകാരം തടസ്സപ്പെടുത്തിയ 25000/- രൂപയ്ക്ക് സർക്കാർ സാധൂകരണത്തിനായി എളവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉചിതമാർഗ്ഗേന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എളവള്ളി ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്ക് പൊതു ചടങ്ങിൽ വച്ച് ആദരവ് നൽകുക വഴി വളർന്നു വരുന്ന തലമുറയ്ക്ക് പ്രചോദനം നൽകുക എന്നത് മാത്രമല്ല പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്നവരുടെ ആത്മവിശ്വാസവും വിദ്യാഭ്യാസ നിലവാരവും ഉയർത്തുക എന്ന ലക്ഷ്യവും പഞ്ചായത്തിന്റെ മുൻപിലുണ്ടായിരുന്നു. ആയതു കൊണ്ട് സദുദ്ദേശത്തോടെ ചെയ്ത ഈ പ്രോജക്ടിന് ഓഡിറ്റ് തടസ്സം ഒഴിവാക്കി കിട്ടുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, ഭരണ സമിതി തീരുമാനം, ഓഡിറ്റ് റിപ്പോർട്ട്, ജില്ലാതല മോണിറ്ററിംഗ് സമിതി തീരുമാനം എന്നിവ സഹിതം അനുകൂല ശുപാർശയോടുകൂടി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

3. 16.11.2013 ലെ സ.ഉ.(എംഎസ്) നം.362/2013/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിൽ (ഖണ്ഡിക 6(i) അനുബന്ധം 1), വിവിധ വിഷയ മേഖലയ്ക്കുള്ള പ്രത്യേക നിബന്ധനകളും നിർദ്ദേശങ്ങളും അനുസരിച്ചായിരിക്കണം

പദ്ധതികൾ തയ്യാറാക്കേണ്ടത് എന്ന് നിഷ്കർഷിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ ഉയർന്ന മാർക്ക് വാങ്ങുന്നവർക്കുള്ള സ്കോളർഷിപ്പ് പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല. മാർഗ്ഗരേഖ പ്രകാരം അനുവദീയമല്ലാത്ത ചെലവ് സർക്കാർ മുൻകൂർ അനുമതിയില്ലാതെ നിർവ്വഹിച്ചതിനാൽ പദ്ധതി ഫണ്ട് ക്രമപ്രകാരമല്ലാതെ വിനിയോഗം ചെയ്തതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ടി വിഷയത്തിൽ സർക്കാർ തലത്തിൽ തുടർ നടപടികൾ സ്വീകരിക്കാമെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. പഞ്ചായത്ത് ഭരണസമിതി തീരുമാനമനുസരിച്ച് ഡിപിസി അംഗീകാരത്തോടെയും വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും, ഗുണഫലവും നൽകുന്ന പദ്ധതി നിർവ്വഹിച്ചത് സമൂഹത്തോട് ചെയ്യുന്ന നീതി എന്ന പരിഗണനയിലാണ് എന്നും, ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി തുടർനടപടികളിൽ നിന്നും ഒഴിവാക്കി നൽകണമെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അപേക്ഷിച്ചിട്ടുള്ളതാണെന്നും ആയതു പരിഗണിച്ച് സാധൂകരണം നൽകുന്നതിൽ അനുകൂല തീരുമാനം ഉണ്ടാകണമെന്ന് പഞ്ചായത്ത് ഡയറക്ടർ 09.11.2022 ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

5. സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണവും, പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതിയുടെ ശിപാർശ, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ, ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകുന്നതിൽ സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാം എന്ന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്ക് പൊതു ചടങ്ങിൽ വച്ച് ആദരവ് നൽകുക വഴി വളർന്നു വരുന്ന തലമുറയ്ക്ക് പ്രചോദനം നൽകുക, പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്നവരുടെ ആത്മവിശ്വാസവും വിദ്യാഭ്യാസ നിലവാരവും ഉയർത്തുക എന്നീ ലക്ഷ്യവും കണക്കിലെടുത്തും തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിലെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2015-16 വർഷത്തെ ഖണ്ഡിക 3-8 പ്രകാരം തടസ്സപ്പെടുത്തിയ 25000/- രൂപയുടെ (ഇരുപത്തിഅയ്യായിരം രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റീജ ജസ്റ്റസ്
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് (റൂറൽ), തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് വകുപ്പ്, തൃശ്ശൂർ.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
സെക്രട്ടറി, എളവള്ളി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ